II ഇ.ബി. XII- കേരള നിയമസഭ/XVI-2

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2010 ഡിസംബർ 22, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

4 (*31) **പാലോളി കമ്മിറ്റിയുടെ ശുപാർശകൾ**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, സച്ചാർ കമ്മീഷൻ ശുപാർശകൾ കേരളത്തിൽ നടപ്പി ലാക്കുന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കാൻ രൂപീകരിച്ച പാലോളി കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ എട്ട് ഭാഗങ്ങളിലായി 83 ശുപാർശകൾ ചേർത്തിട്ടുള്ളതിൽ അടിയന്തിരമായി പരിഗണിക്കേണ്ട പത്ത് ശുപാർശകൾ നടപ്പിലാക്കി വരികയാണെന്നും കേരളത്തിലെ മുസ്ലീം ന്യൂനപക്ഷങ്ങളുടെ സ്ഥിതി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭേദപ്പെട്ട നില യിലാണന്നും സഭയെ അറിയിച്ചു. പാലോളി കമ്മിറ്റി ശുപാർശ പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളിലുള്ള പുരോഗതി അവലോകനം എന്നിവയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് ഉത്തരവായി ട്ടുണ്ട്. ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറെ വകുപ്പദ്ധ്യക്ഷനാക്കി

ക്കൊണ്ട് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി എട്ട് പുതിയ തസ്തികകൾ കൂടി സൃഷ്ടിക്കുന്നതാണ്. ജില്ലാ തലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം സൃഷ്ടിച്ച് നിയമനം നടത്തുകയും ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളുടെ ഏകോപനത്തിനും പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതിനും സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുകയും ചെയ്യുന്നു. ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾക്കായി ഇതിനകം 48 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തുകയും മുഴുവൻ പേർക്കും ക്ഷേമനിധിയിൽ അംഗത്വം നേടാനും ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമാവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി പത്ത് കോടി രൂപ അനുവദിച്ചു. ന്യൂനപക്ഷ പാക്കേജായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബിരുദ/ ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ ഏർപ്പെടുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കി വരുന്നതോടൊപ്പം സ്കോളർഷിപ്പ് ലഭിക്കുന്നതിന് ഇപ്പോഴുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ച്

വരുന്നുണ്ട്. അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുകയും അവയിൽ മൂന്നെണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പെൺകുട്ടികൾക്കായി ടോയ്‌ലറ്റുകളില്ലാത്ത തീരദേശത്തെ 606 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പുവരുത്തി "പെൺകുട്ടികൾക്ക് ഉപയുകക്തമായ ടോയ്‌ലറ്റുകൾ" ശുചിത്വ മിഷന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവര ശേഖരണം നടത്തുന്ന തിനുള്ള കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിച്ച് വിവര ശേഖരണം നടത്തിവരുന്നു. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ നിലവിലുള്ള സ്ഥിതി പരിശോധിച്ച് വരുന്നതോടൊപ്പം ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള മറ്റ് പിന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതാധികാര കമ്മിറ്റി വിലയിരുത്തുന്നുണ്ട്. തീരപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരി ക്കുന്നതിന് മുന്നോടിയായി ജില്ലയിലെ തീരപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുവാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അലിഗർ മുസ്ലീം

സർവ്വകലാശാലയുടെ ഓഫ് കാമ്പസ് മലപ്പുറം ജില്ലയിലെ പെരിന്തൽ മണ്ണയിൽ പ്രവർത്തനം ആരംഭിച്ചതോടൊപ്പം കോഴിക്കോട് അറബിക് സർവ്വ കലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പ്രഖ്യാപനവും വന്നിട്ടുണ്ട്. കളക്ടറേറ്റുകളിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷന്റെ പ്രവർത്തനത്തിന് 15,26,904 രൂപയും, സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് വിതരണത്തിന് 3,17,56,602 രൂപയും പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് 16,10,153 രൂപയും മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിക്കായി 10,39,97,663 രൂപയും ന്യൂനപക്ഷ വികസന സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് പ്രവർത്ത നങ്ങൾക്ക് 2,79,912 രൂപയും ഉൾപ്പെടെ 13,91,71,234 രൂപ ഇതിനകം ചെലവഴി ച്ചിട്ടുണ്ടെന്നും 2010-11-ൽ ന്യൂനപക്ഷ ക്ഷേമത്തിനായി 13 കോടി രൂപ വകയി രുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മുസ്ലീം പിന്നോക്ക പ്രദേശങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരെ നിയോഗിച്ചി ട്ടുണ്ടെന്നും പാലോളി കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ദളിത്-ക്രൈസ്തവ വിഭാഗങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി അടിയന്തിരമായിട്ട് സ്വീകരിക്കാമെന്ന് സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന മുഴുവൻ ചെലവും സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നതെന്നും പ്രസ്തുത ശുപാർശകൾ നടപ്പിലാക്കു ന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എല്ലാ ജില്ല കളിലും രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5 (*32) <u>സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതി</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റ പ്പണികൾക്കായി ആവിഷ്ക്കരിച്ച സമ്പൂർണ്ണ ഗ്രാമീണ റോഡ് നവീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടെന്നും സർക്കാർ ആവിഷ്ക്കരിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും കൂടി ആകെ 10484 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 8033 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 7080 പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ട് നിർവ്വഹണം ആരംഭിക്കുകയും 1240 പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതി നായി ഇപ്പോൾ അംഗീകരിച്ച പ്രവർത്തികൾക്കാവശ്യമായ തുക ലഭ്യമാണെന്നും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കു ന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് മേൽനോട്ട ചുമതല നൽകിയിട്ടുണ്ടെന്നും ജില്ലാ ആസൂത്രണ സമിതികൾ പ്രവൃത്തി കളുടെ പുരോഗതി വിലയിരുത്തുന്നുണ്ടെന്നും സംസ്ഥാനതലത്തിലും പുരോഗതി അവലോകനം ചെയ്യുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.. കോൺട്രാക്ടർമാർ ഉപേക്ഷിച്ച് പോകുന്ന റോഡ് പണികൾ പൂർത്തിയാക്കാ നായി റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സഞ്ചാരയോഗ്യമല്ലാത്ത, ഏറ്റവും അപകടം പിടിച്ച റോഡുകൾ പുനരുദ്ധരിക്കുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ്

ഫണ്ട് അനുവദിച്ചിട്ടുള്ളത്. വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം, റോഡ് മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ടിലെ മിച്ചം തുക എന്നിവ ഈ പദ്ധതിക്കായി വിനിയോഗിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് നിർദ്ദേശം നൽകിയതിലൂടെ 730 കോടി രൂപ ലഭ്യമാകും. പദ്ധതി കൾക്കായി കൂടുതൽ തുക കണ്ടെത്തുന്നതിന്റെ ഭാഗമായി പശ്ചാത്തല മേഖലാ വിഹിതം 20-ൽ നിന്ന് 30 ശതമാനമായി മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം തുക ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തതിലൂടെ 220 കോടി രൂപ ലഭിക്കുന്നതാണ്. മൺപണികൾ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിലൂടെ 100 കോടി രൂപ ലഭ്യമാക്കാൻ കഴിയും. ഇതിനു പുറമെ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 284 കോടി രൂപ അധിക വിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ആകെ 1,334 കോടി രൂപ ലഭ്യമാകുന്നതാണ്. ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനായി ഓരോ പഞ്ചായത്തിലുമുള്ള ആവശ്യങ്ങൾ വ്യക്തമായി വിലയിരുത്തി ക്കൊണ്ട് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്ന രീതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പി.ഡബ്ല്യു.ഡി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുത്തിട്ടുള്ള റോഡുകൾ ഏതാണെന്ന് തിട്ടപ്പെടുത്തി അവ പ്രത്യേകമായി പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കാണെന്നും ഓരോ മേഖലയിലുമുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതെന്നും എവിടെയെങ്കിലും ജീവനക്കാരുടെ കുറവ് അനുഭവപ്പെടുകയാണെങ്കിൽ

അതുസംബന്ധിച്ച് ആലോചിക്കാമെന്നും റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിൽ കാലതാമസം വരുന്നത് കാലാവസ്ഥ വ്യതിയാനം മൂലമാണെന്നും ശാസ്ത്രീയമായ രീതിയിലുള്ള ഗുണമേൻമയുള്ള റോഡുകളാണ് പി.എം.ജി.എസ്.വൈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*33) <u>സുസ്ഥിര നഗര വികസന പദ്ധതി</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സുസ്ഥിര നഗര വികസന പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തലത്തിൽ അവലോകനം നടത്താറുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് എ.ഡി.ബി.യുമായി സുസ്ഥിര നഗര വികസന പദ്ധതിക്കായി 1420.50 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടതെന്നും ഇതിൽ 995 കോടി രൂപയാണ് എ.ഡി.ബി.യിൽ നിന്നും വായ്പയായി ലഭിക്കുന്നതെന്നും ചെലവഴിക്കുന്ന മുറയ്ക്ക് റീ-ഇംപേഴ്സ്മെന്റായാണ് വായ്പ ലഭിക്കുന്നതെന്നും നാളിതുവരെ 175 കോടി രൂപയാണ് റീ-ഇംപേഴ്സ്മെന്റായി അനുവദിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു.. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകൾക്ക് വേണ്ടി മാത്രമാണ് എ.ഡി.ബി. വായ്പ എടുക്കുന്നത്. ടി തുക കോർപ്പറേഷനുകൾക്ക് മുൻകൂറായി നൽകുന്നില്ലെന്നും പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമായ തുകയാണ് കോർപ്പറേഷനുകൾക്ക് നൽകുന്നതെന്നും പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിലവിലുള്ള പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്ക് നാളിതുവരെ 231.17 കോടി രൂപ നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എ.ഡി.ബി തുക വിനിയോഗിച്ച് കോർപ്പേറഷനുകൾ

സ്വീവറേജ്, ഡ്രെയിനേജ്, റോഡ് നവീകരണം, ഖരമാലിന്യ സംസ്ക്കരണം, ജലവിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.. സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത കോഴിക്കോട് റോഡ് വികസന പദ്ധതി (അരയിടത്തുപാലം-ഫ്ളൈ ഓവർ) യും തൃശ്ശൂർ സ്വരാജ് റൗണ്ട് റോഡിന്റെ പണിയും പൂർത്തിയായിട്ടുണ്ട്. കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 90 പാക്കേജുകളിൽ 37 പാക്കേജുകളുടെ പണി ആരംഭിച്ചിട്ടുണ്ടെന്നും 11 പാക്കേജുകളിൽ ബിഡ് ഇവാലുവേഷൻ നടന്നുവരുന്നുവെന്നും 4 പാക്കേജുകളുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ബാക്കി 38 പാക്കേജുകൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ടെന്നും 2012 ജൂൺ മാസത്തോടെ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും മന്ത്രി അറിയിച്ചു. അഞ്ച് നഗരങ്ങളിലേയും ചേരി പ്രദേശത്തെ വികസനത്തിനായി കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് അംഗൻവാടികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, സാനിട്ടേഷൻ യൂണിറ്റുകൾ, അഴുക്കുചാൽ നവീകരണം മുതലായവ അടങ്ങിയ 143 പാക്കേജുകൾ പൂർത്തിയാക്കുകയും 112 എണ്ണം പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്. എ.ഡി.ബി തുക വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങിക്കൽ പ്രവർത്തനം തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, കൊച്ചി നഗരങ്ങളിൽ 90 ശതമാനത്തിന് മുകളിലും തൃശ്ശൂർ, കോഴിക്കോട്, കൊല്ലം ജില്ലകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തി 70 ശതമാനത്തിന് മുകളിലും പൂർത്തിയായിട്ടുണ്ട്. കെ.എസ്.യു.ഡി.പി. പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ഒരു കോർഡിനേഷൻ കമ്മിറ്റിയും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയും കോർപ്പറേഷൻ തലത്തിൽ മേയറുടെ അദ്ധ്യക്ഷതയിൽ സിറ്റി ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. എല്ലാ നാലുമാസം കൂടുമ്പോഴും എ.ഡി.ബി.യും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പങ്കെടുക്കുന്ന ടി.പി.ആർ.എം.(ട്രൈപാർട്ടിയേറ്റ് മീറ്റിംഗ്) കൂടുകയും പദ്ധതി അവലോകനം നടത്തുകയും അതത് വർഷങ്ങളിൽ തുടങ്ങേണ്ട പ്രവർത്തി കളും ചെലവഴിക്കേണ്ട തുകയും നിശ്ചയിക്കാറുമുണ്ട്. അഞ്ച് കോർപ്പറേഷ നുകളിലെയും പദ്ധതി പ്രവർത്തനങ്ങൾ കെ.എസ്.യു.ഡി.പി. തലത്തിൽ വില യിരുത്തുന്നതിനായി പ്രതിമാസ യോഗം കൂടി പ്രോജക്ട് ഡയറക്ടറും വകുപ്പ് സെക്രട്ടറിയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. സുസ്ഥിര നഗരവികസന പദ്ധതി നടപ്പാക്കിയത് സംബന്ധിച്ചും തുക വിനിയോഗം സംബന്ധിച്ചും ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും നിർവ്വഹണതലത്തിൽ കോൺട്രാക്ടറുടെയും പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്ന കൺസൽട്ടന്റിന്റേയും ഇടയിലുള്ള തർക്കങ്ങൾമൂലം കാലതാമസ മുണ്ടായിട്ടുണ്ടെന്നും ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പുമൂലം പദ്ധതി നിർവ്വഹണത്തിൽ കാല താമസം ഉണ്ടായിട്ടുണ്ടെന്നും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

7 (*34) **കെട്ടിട നിർമ്മാണ ചട്ടത്തിന്റെ പരിധിയിൽനിന്ന് പഞ്ചായത്തുകളെ ഒഴിവാക്കൽ**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പഞ്ചായ ത്തുകൾക്കു മാത്രമായി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കി

നടപ്പിലാക്കുന്നതുവരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസാണ് എല്ലാ ഗ്രാമങ്ങളിലും നടപ്പിലാക്കിയിട്ടുള്ളതെന്നും 06-06-2007-ൽ എല്ലാ പഞ്ചായത്തിലും പ്രസ്തുത ചട്ടങ്ങൾ ബാധകമാക്കുന്നതിനു മുമ്പുതന്നെ കേരളത്തിലെ 182 ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിരുന്നുവെന്നും പഞ്ചായത്തുകളുടെ സ്വഭാവം കണക്കിലെടുത്ത് അവയ്ക്ക് മാത്രമായി പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സിംഗിൾ ഫാമിലി റെസിഡൻഷ്യൽ ബിൽഡിംഗ്, ചെറുകിട കച്ചവട സ്ഥാപനങ്ങൾ, ചെറുകിട/പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയെ പെർമിറ്റിൽനിന്നും ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 5 പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ചുകൊണ്ട് കൃഷി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും പുതിയതായി ആരാധനാലയങ്ങൾ സ്ഥാപിക്കുന്ന ഘട്ടത്തിൽ പരാതികളും പ്രതിഷേധങ്ങളും ഉണ്ടാകുന്നത് ഒഴിവാക്കാനാണ് കളക്ടറുടെ അനുമതി കൂടി വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു.

8(*35) **<u>ഉൾനാടൻ മത്സ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ</u>**

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള

മത്സ്യകർഷക ഏജൻസികൾ വഴി മത്സ്യ/ആറ്റുകൊഞ്ച്, ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നുണ്ടെന്നും ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യകൃഷിയും മത്സ്യോൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കുന്നുണ്ടെന്നും. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 10,000 ഹെക്ടർ ജലപ്രദേശങ്ങളിൽ മൂന്നു വർഷമായി ശുദ്ധജല/ഓരുജല മത്സ്യകൃഷി നടപ്പാക്കിവരുന്നുണ്ടെന്നും ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ 1.26 ലക്ഷം ടൺ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്ന ‘ഒരു നെല്ലും ഒരു മീനും’ പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിയും നടപ്പാക്കി വരുന്നു. ആഗോളമാന്ദ്യത്തിന്റെ കെടുതിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പദ്ധതിയുടെ ഭാഗമായി കൂടുകളിലെ മത്സ്യകൃഷി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ എറണാകുളം ജില്ലകളിലായി 50 കൂടുകൃഷി യൂണിറ്റുകൾ വ്യക്തികൾ/സ്വയം സഹായ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു. വിദർഭ പാക്കേജ് വഴി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ മത്സ്യകൃഷി നടപ്പാക്കി വരുന്നുണ്ടെന്നും എൻ.എഫ്.ഡി.ബി. ധനസഹായത്തോടെ പാലക്കാട് ജില്ലയിൽ 7 റിസർവോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ച് കൃഷി നടപ്പാക്കിയത് കൂടാതെ 16 റിസർവോയറുകളിൽകൂടി മത്സ്യകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ആർ.കെ. വി.വൈ പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷികൾ വിവിധ ജില്ലക

ളിൽ നടപ്പാക്കി വരുന്നുവെന്നും കരിമീനിനെ സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ച് കരിമീൻ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണെന്നും മന്ത്രി വ്യക്തമാക്കി. മത്സ്യ കേരളം പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 10,63,55,292 ചെമ്മീൻകുഞ്ഞുങ്ങളെയും 1,11,370 കരിമീൻ കുഞ്ഞുങ്ങളെയും 13,825 കണമ്പ് കുഞ്ഞുങ്ങളെയും 4,48,55,662 മത്സ്യകുഞ്ഞുങ്ങളെയും 41,44,263 ആറ്റുകൊഞ്ച് കുഞ്ഞുങ്ങളേയും വിതരണം ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം വിളവെടുക്കുന്ന മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് അതത് പ്രദേശങ്ങളിൽ വിളവെടുപ്പ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വേണ്ടത്ര പ്രചരണം നടത്തുന്നതിനും ഡിമാന്റ് അനുസരിച്ച് മത്സ്യം പിടിച്ച് വിൽക്കുന്നതിനും മത്സ്യഫെഡിന്റെ കീഴിലുള്ള സംഘങ്ങളേയും ഇതര സംഘങ്ങളേയും മാർക്കറ്റിൽ ഇടപെടുവിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യകർഷക ക്ലബുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർക്ക് പ്രോത്സാഹനമായി മാസം തോറും 2500 രൂപ വരെ പ്രതിഫലം നൽകുന്നതോടൊപ്പം സംസ്ഥാനത്താകെ മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യകർഷക ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടം, വല, പമ്പ്സെറ്റ്, ഫിഷ് ബൂത്ത് (വിൽപ്പന കൗണ്ടർ) തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുന്നതിനായി പരമാവധി 5 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. കുളവാഴ നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ കുട്ടനാട് മേഖലയിൽ സ്വീകരിച്ച് വരുന്നുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടി

സ്ഥാനത്തിൽ കുട്ടനാട് പാക്കേജിൽ ഇതിനായി 21 കോടി രൂപ അനുവദിക്കുകയും പായൽ വാരി വാല്യൂ ആഡഡ് കമ്പോസ്റ്റ് വളമാക്കി മാറ്റുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾക്കായുള്ള ടെൻഡർ ഉറപ്പിച്ച് പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രജ്ഞൻമാർ അടങ്ങുന്ന ഒരു ടീമിനെ നിയോഗിച്ച് അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും പള്ളം കേന്ദ്രീകരിച്ച് ഒരു ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്നതിനായി സ്റ്റഡി നടത്താൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണെന്നും കേരളത്തിലെ എല്ലാ ഫിഷ് ഫാമുകളും റീവാമ്പ് ചെയ്യുന്നതിന് ഒരു പ്രോജക്ട് അനുവദിച്ചിട്ടുണ്ടെന്നും ഞാറയ്ക്കൽ ഫിഷ് ഫാം റീവാമ്പ് ചെയ്യുന്നതിന് അംഗീകാരം നൽകി ആർ. കെ.വി.വൈ-ൽപ്പെടുത്തിയിട്ടുണ്ടെന്നും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 271 മുതൽ 571 വരെയുള്ള ചോദ്യങ്ങളിൽ 128 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)